LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീ തൊഴിലാളികൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

40 [4918] ശ്രീ. സി. മമ്മൂട്ടി:
" കളത്തിൽ അബ്ദുള്ള:
" ടി. പി. എം. സാഹിർ:
" സി. മോയിൻകുട്ടി:
" ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ശാലകളിൽ സ്ത്രീ തൊഴിലാളികൾക്ക് നിയമാനുസരണമുള്ള ക്ഷേമ പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ളവർ ആരൊക്കെയാണ്;

(സി) ഇത്തരം പരിശോധനയിൽ നിയമാനുസരണമുള്ള ക്ഷേമ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത എത്ര വ്യവസായ സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുള്ള വ്യവസായങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ക്ഷേമ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യവസായശാലകളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി പ്രത്യേക ക്ഷേമപദ്ധതികളൊന്നും നിലവിലില്ല. ഫാക്ടറി നിയമവും പ്രസവാനുകൂല്യ നിയമവും അനുബന്ധചട്ടങ്ങളും അനുസരിച്ച് ലഭിക്കേണ്ട ആനുകൂല്യങ്ങൾ സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ട്.

(ബി) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർമാരെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്.

(സി) നിയമാനുസൃതമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വീഴ്ച വരുത്തുന്ന സാഹചര്യം ഉണ്ടായാൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ബന്ധപ്പെട്ട ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർമാർ ഫാക്ടറി പരിശോധന നടത്തുന്നുണ്ട്.